# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4280 25.06.2018-ൽ മറുപടിയ്ക്ക്

**മദ്യത്തിന്മേലുള്ള സെസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിപ്പോയ ബാറുകളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ വില്പനനടത്തുന്ന മദ്യത്തിന്മേൽ അഞ്ച് ശതമാനം സെസ് ഏർപ്പെടുത്തിയിരുന്നോ; | എ) ഏർപ്പെടുത്തിയിരുന്നു. |
| (ബി) | അതിലൂടെ ഇതിനകം എത്ര കോടി രൂപ ലഭിച്ചുവെന്നും അതിൽ എത്ര തുക ഇതുവരെ പുനരധിവാസത്തിനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | ബി) 1058.89 കോടി<br><br>ഇതിൽ പുനരധിവാസത്തിനായി ചെലവഴിക്കപ്പെട്ട തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>20.12.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.206/2014/നി.വ പ്രകാരം തൊഴിൽ നഷ്ടപ്പെട്ട രജിസ്റ്റേർഡ് ബാർ തൊഴിലാളികൾക്ക് 10,000/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനും, 2014-15 സാമ്പത്തിക വർഷത്തെ മദ്യനയത്തെ തുടർന്ന തൊഴിൽ നഷ്ടപ്പെട്ടതും, ആത്മഹത്യ ചെയ്തതുമായ തൊഴിലാളികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ വീതം നൽകുന്നതിനായി കെ.എസ്.ബി.സി 6,68,05,000/-രൂപ അനുവദിച്ചിട്ടുണ്ട്.<br>അടച്ചുപൂട്ടിയ 418 ബാർ ഹോട്ടലുകളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി 04.09.2014 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.723/2014/നി.വ പ്രകാരം 3,43,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ശേഷിക്കുന്ന തുക എപ്രകാരം വിനിയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; തുക വകമാറ്റി ചെലവഴിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) സെസ് തുക സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലാണ് വക കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത തുക എപ്രകാരം വിനിയോഗിക്കണമെന്നത് സംബന്ധിച്ച വിശദമായ ശുപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണറുടെ മേൽ നോട്ടത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) മദ്യത്തിന്മേൽ ഏർപ്പെടുത്തിയ സെസ് വേണ്ടെന്ന് വച്ചിട്ടുണ്ടോ എങ്കിൽ അത് വേണ്ടെന്ന് വയ്ക്കാനുണ്ടായ സാഹചര്യമെന്താണ് എന്ന് അറിയിക്കുമോ? | ഡി) വില്പന നികുതി നിരക്കുകൾ പരിഷ്കരിക്കാൻ 2018-ലെ ബഡ്ജറ്റിൽ സർക്കാർ തീരുമാനിച്ചതനുസരിച്ച് മദ്യത്തിന്മേൽ ഏർപ്പെടുത്തിയ സെസ് വേണ്ടെന്ന് വച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**